5. അലങ്കാര ചെടികൾ നട്ടുവളർത്തുന്നതിനാവശ്യമായ ഗ്രീൻഹൗസ്, ഷെഡ്നെറ്റ് എന്നിവയുടെ നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകും.

6. പുഷ്പകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ദൈനംദിന ഉപദേശം നൽകുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ സേവനം.

(എഫ്) ആദ്യഘട്ടമെന്ന നിലയിൽ ഈ സാമ്പത്തിക വർഷം തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ നാലു ജില്ലകളിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇത് സംസ്ഥാനത്ത് ഒട്ടാകെ വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

25 (*85) വനം വകുപ്പിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതി

ശ്രീ. പി. വിശ്വൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) എങ്കിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച് എന്തു വിലയിരുത്തലാണ് നടത്തിയിട്ടുള്ളത്;

(സി) വനം വകുപ്പിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി വനം വകുപ്പിന് എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ഇ) വനസംരക്ഷണം, വികസനം എന്നിവ ലക്ഷ്യമായി ഏതെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ലോകബാങ്ക് സഹായത്തിനു വേണ്ടി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികൾക്കു വേണ്ടിയാണ് പ്രൊപ്പോസൽ സമർപ്പിട്ടുള്ളത്;

(ജി) ലോകബാങ്ക് പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സർക്കാർ തലത്തിൽ ഒരു ഉന്നതതല കമ്മറ്റിയെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്.

(ബി) കേരളാ ഫോറസ്ട്രി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും വിലയിരുത്തലിനുമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സ്റ്റിയറിംഗ് ആന്റ് ഫിനാൻസ് കമ്മറ്റിയും വനം വന്യജീവി വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷയായുള്ള പ്രോജക്ട് കോ-ഓർഡിനേഷൻ കമ്മിറ്റിയും

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുണ്ട്. സർക്കാർ തലത്തിൽ കാലാകാലങ്ങളിൽ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. വനം വകുപ്പു തലത്തിൽ വനം വിജിലൻസ് വിംഗ് ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ സ്ഥലപരിശോധന നടത്തി വിലയിരുത്തുന്നുണ്ട്. കൂടാതെ ലോകബാങ്ക് പദ്ധതികാലത്തെ ഓരോ അർദ്ധവർഷത്തിലും വിഷയകാര്യവിദഗ്ദ്ധരുമായി ഇവിടെവന്ന് പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് പരിശോധിച്ച് ചർച്ചകൾ നടത്തി പരിശോധനാ റിപ്പോർട്ട് തയ്യാറാക്കുകയും സർക്കാർ തലത്തിൽ വിലയിരുത്തുകയും ചെയ്തു വരുന്നു.

ഇൻഡ്യാ ഇക്കോ ഡവലപ്പ്മെന്റ് പദ്ധതി പ്രവർത്തനം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ഗവൺമെന്റ് തലത്തിൽ ഇക്കോ ഡവലപ്പ്മെന്റ് കോർഓർഡിനേഷൻ കമ്മറ്റി എന്ന പേരിൽ ഒരു ഉന്നതതല കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഇക്കോ ഡവലപ്പ്മെന്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ ലോകബാങ്ക് മിഷൻ പദ്ധതി പ്രദേശം സന്ദർശിച്ച് പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

(സി) ലോകബാങ്കിന്റെ സഹായത്തോടെ വനം വകുപ്പു 1984-85 മുതൽ 92-93 വരെയുള്ള കാലയളവിൽ സാമൂഹ്യവനവൽക്കരണ പരിപാടി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിയ സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ അടങ്കൽ 89 കോടി രൂപയായിരുന്നു. ഈ പദ്ധതി പ്രകാരം സർക്കാർ ഭൂമിയിലും സർക്കാർ ഇതര ഭൂമിയിലും കനാൽ-റോഡ് തീരങ്ങളിലുമായി 32411 ഹെക്ടർ പ്രദേശത്ത് വൃക്ഷതോട്ടങ്ങൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്.

കൂടാതെ ഫാം ഫോറസ്ട്രി വഴി പൊതുജനങ്ങൾക്ക് 38.5 കോടി വൃക്ഷതൈകൾ വിതരണം നടത്തിയിട്ടുണ്ട്.

സാമൂഹ്യവനവൽക്കരണ പദ്ധതിപ്രവർത്തനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനും നടത്തിപ്പിനുമായി ഓഫീസ് കെട്ടിടങ്ങൾ, ക്വാർട്ടേഴ്സ്, ലൈബ്രറി, സെമിനാർ ഹാൾ, എന്നിവയ്ക്ക് അനുയോജ്യമായ 515 കെട്ടിടങ്ങൾ പദ്ധതി കാലത്ത് പൂർത്തിയാക്കിയിട്ടുണ്ട്. ഇവ കൂടാതെ പദ്ധതി പ്രകാരം ഗവേഷണ പഠനങ്ങൾ നടത്തുകയും ജനങ്ങളുടെ ബോധവൽക്കരണത്തിനായി നിരവധി സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ഉന്നതതല കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

26 (*86) ലോട്ടറി നിരോധനത്തിൽനിന്നും കേരളത്തെ ഒഴിവാക്കാൻ നടപടി

ശ്രീ. എൻ. ജയദേവൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly